രാഷ്ട്രീയ ജീർണതയ
ആക്ഷേപഹാസ്യത്തിന

ഒരുസംഘം യുവാക്കൾ താളാത്മകമായി ചുവടുവച്ച് "അശകൊശലേ പെണ്ണുണ്ടോ" എന്ന പഴയ നാടൻപാട്ടിന് ഒരു പാരഡിയായി "വിലപേശൽ" എന്ന ഗാനശിൽപം അവതരിപ്പിച്ചപ്പോൾ ബിഷപ്പ് പെരേരാ ഹാളിലെ നിറഞ്ഞുതുളുമ്പിയ സദസ്സിനാകെ ഹരമായി.

രാഷ്ട്രീയത്തിന്റെ മുടുപടമിട്ടുനടക്കുന്ന കച്ചവടത്തോടു കാണികളാകെ പരിഹാസപൂർവം പ്രതികരിക്കുകയായിരുന്നു. "ഒരു കുടുക്ക പൊന്നുതരാം പെണ്ണു തരോ നാത്തൂനേ" എന്നു കനകം കാട്ടി പ്രലോഭിപ്പിക്കുന്നതായിരുന്നു പഴയ ഈരടികളെങ്കിൽ രാഷ്ട്രീയ കുതിരക്കച്ചവടത്തിന്റെ "അപാരസിദ്ധികൾ" ആവരണം ചെയ്യുകയായിരുന്നു ഈ ഗാനശിൽപത്തിലൂടെ.

"അശകൊശലേ മാറുന്നോ
കാലെങ്ങാനും മാറുന്നോ?"
എന്ന വരികൾ ഒരു സംഘം പാടുമ്പോൾ

"മാറിവന്നാലെന്തുണ്ട്"
എന്നു മറുസംഘം ആരായുന്നു. രാഷ്ട്രീയക്കസർത്തുകൾക്കിടയിലെ കാലുമാറ്റത്തിന്റെയും കൂറുമാറ്റത്തിന്റെയും ഒരു വാങ്മയചിത്രം ഇതോടെ വേദിയിൽ തെളിയുകയായി.

കാലുമാറി വന്നാലോ? എന്തെല്ലാം തരും എന്നായി മറുസംഘം.

"മാറിവന്നാലൊഴിവുണ്ട്
കാശുകൊയ്യും വകയുണ്ട്"
എന്നു മറുപടി ലഭിച്ചതോടെ ആ സംഘം പ്രലോഭനത്തിൽ മുങ്ങുന്നു. എങ്കിലും അതുമാത്രം മതിയോ എന്നു ചോദ്യം!

"വനമോ സിമന്റോ
വിദ്യാഭ്യാസമോ
കാശുകൊയ്യും വകയുണ്ട്..."
അതിനും ഉള്ളുനിറയുന്ന മട്ടിൽ മറുപടി.

അന്തരീക്ഷത്തിലെവിടെയോ നിന്നു കാലുമാറാത്തിന്റെയും കൂറുമാറാത്തിന്റെയും ദുർഗന്ധമുയരുന്ന ഈ ദിനങ്ങളിൽ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ശാസ്ത്രകലാ ജാഥാംഗങ്ങളും അവതരിപ്പിച്ച ഈ പരിപാടിക്കു സജീവസാംഗത്യമുണ്ടായിരുന്നു. രാഷ്ട്രീയജീർണതയ്ക്കെതിരായ ആക്ഷേപഹാസ്യത്തിന്റെ കൂരമ്പുകളും വർഷിക്കുകയായിരുന്നു ആ "അശകൊശല പ്പാട്ടിലൂടെ."

രാഷ്ട്രീയം മാത്രമല്ല മനുഷ്യനും ഇവിടെ ഒരു കമ്പോളച്ചരക്കായിത്തീർന്നിരിക്കുന്നുവെന്ന് ശാസ്ത്രകലാജാഥാംഗങ്ങളും "പരശുപുരം ചന്ത" എന്ന ലഘുനാടകത്തിലൂടെ പ്രഖ്യാപിച്ചു. ജി. വൽസലയുടെ ഒരു ചെറുകഥയെ ആസ്പദമാക്കി തയ്യാറാക്കിയ ഈ കലാശിൽപത്തിലൂടെ സ്ത്രീധനസമ്പ്രദായം, എന്ന തിൻമയിലേക്കാണു വെളിച്ചം പകരുന്നത്.

ഇരുപതു വർഷം മുൻപു നാടുവിട്ടുപോയവർ ദീർഘമായ ആ കാലയളവിനുശേഷം പരശുപുരം ഗ്രാമത്തിലെത്തുന്നതോടെ നാടകം ആരംഭിക്കുന്നു. സൂത്രധാരൻ പരശുപുരത്തെയും മടങ്ങിവന്ന മനുഷ്യരെയുംകുറിച്ചു പറയുന്നതിനിടയിൽ സദസ്സിൽനിന്നു പളനി എന്ന പിതാവ് വേദിയിലേക്ക് ഓടിക്കയറുന്നു. പുരനിറഞ്ഞുനിൽക്കുന്ന പളനിയുടെ മകനാണ് ഒരു ചെറുക്കനെ വേണം. പരശുപുരം ചന്തയിൽ നല്ല ചെറുക്കൻമാരെ കിട്ടുമെന്നറിഞ്ഞു ദല്ലാളും പളനിയും അങ്ങോട്ടു തിരിക്കുന്നു. ജാതികളുടെയും സമുദായങ്ങളുടെയും പേരിലുള്ള ചന്തയുടെ കവാടങ്ങൾ കണ്ടു പളനി അന്ധാളിച്ചു നിൽക്കുന്നു.

സ്ത്രീധനത്തുകയ്ക്കുവേണ്ടി ചെറുക്കൻമാരും അവരുടെ രക്ഷിതാക്കളും മുഴക്കുന്ന ലേലം വിളിയിൽ മുഖരിതമായ ചന്ത. കമ്പോളത്തിലെ വിലപേശലിൽ പിടിച്ചുനിൽക്കാനാവാതെ പളനി നിലതെറ്റി വീഴുന്നതോടെ അവസാനിക്കുന്ന ഈ നാടകം, പ്രേക്ഷകമനസ്സിൽ വലിയൊരു സാമൂഹ്യവിഷയത്തിന്റെ വിത്തുകൾകൂടിയാണു പാകുന്നത്.

"ചോരയിലും മനസ്സിലും മരവിപ്പിന്റെ മായം കലർത്തുന്ന താർക്കുവേണ്ടി" എന്ന രോഷാകുലമായ ചോദ്യത്തോടെ ആരംഭിച്ച സംഗീതശിൽപം അർത്ഥസംപുഷ്ടിയിൽ ഗംഭീരമായിരുന്നുവെങ്കിലും കലാമൂല്യത്തിൽ മുദ്രാവാക്യമുഖ്യമായി പ്പോയെന്നു പറഞ്ഞേ തീരൂ.

ശാസ്ത്രകലാ ജാഥാംഗങ്ങളോടൊപ്പം തമിഴ്നാട്ടിൽനിന്നെത്തിയ ഒരുസംഘം യുവാക്കളും രണ്ടു ചെറിയ തമിഴ് നാടകങ്ങളും അവതരിപ്പിച്ചതു ശ്രദ്ധേയമായി. കടലോരങ്ങളിലെ മനുഷ്യജീവികളുടെ സമുദ്രവിശാലമായ ദുഃഖങ്ങളുടെ ഒരു നുറുങ്ങായിരുന്നു അവർ അവതരിപ്പിച്ച

നഗരത്തിലെ കലാസന്ധ്യകൾ

"കടൽ" എന്ന ലഘുനാടകം. ആംഗികാഭിനയത്തിൽ മുന്നിട്ടുനിന്ന ഈ നാടകത്തിൽ സാധാരണ തമിഴ് നാടകങ്ങളിലെ അതിഭാവുകത്വം കണികാണാനേയില്ലായിരുന്നു. "എച്ചിൽത്തൊട്ടി" എന്ന മറ്റൊരു നാടകവും അവർ അവതരിപ്പിച്ചു.

പരികൽപനാവിജയമെന്ന അങ്ങാടിമൽസരത്തിനിടയിൽ നിലംപൊത്തുന്ന വിദ്യാഭ്യാസലകൽപ്യങ്ങളെ അനാവരണം ചെയ്യുന്ന "മൂശ" എന്ന നാടകവും ശാസ്ത്രകലാജാഥാംഗങ്ങളും അവതരിപ്പിച്ച വൈവിദ്ധ്യമാർന്ന പരിപാടികളിൽ കാണികളെ ആകർഷിച്ച മറ്റൊരിനമായിരുന്നു.

ശ്രീ സ്വാതിതിരുനാൾ സംഗീതസഭയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന സംഗീതോൽസവം തലസ്ഥാനത്തെ സംഗീതപ്രേമികൾക്കു പതിവുപോലെ ഈ വർഷവും നാദബ്രഹ്മത്തിനേർതായ സന്ധ്യകളെ സൃഷ്ടിക്കുന്നു.



"അശകൊശലേ മാറുന്നോ, ഈകാലെങ്ങാനും മാറുന്നോ": ശാസ്ത്രസാഹിത്യ പരിഷത്തിന്റെ 'വിലപേശൽ' എന്ന ഗാനശിൽപത്തിൽനിന്ന്. — മനോരമ

...ജയം - കടന്നപ്പള്ളി

...ലായ് 11: വനിത സുരക്ഷിതത്വം ...ന്ദ്ര- സംസ്ഥാന ...പ്പെടുവെന്ന് കെ ...ിഡണ്ട് രാമചന്ദ്രൻ ...പാലകരുമടക്കമു- ...ക്രമിക്കുന്നു എന്ന ...വരുന്ന കാലത്താ ...സ്ത്രീകളെ കൃഷി ...ക്കുന്ന പ്രാകൃത ...ന്നു- ബാലുശ്ശേരി ...വനിതാ കോൺഗ്ര ...സ്ഥാന കേന്ദ് ഉദ് ...സാരിക്കുകയായി ...ം കുടുംബം പുറ ...തുറെ സഹിക്കുന്ന ...രുഹത്തായ പിന്നോ ...രംചെയ്യാൻ സ്ത്രീ ... രാഷ്ട്രത്തിന്റെ

സ്വാതന്ത്ര്യംപോലും അപകടം നേരിടുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്.

പാസ്പോർട് നിരക്ക് വർധന പിൻവലിക്കണമെന്ന് കടന്നപ്പള്ളി ആവശ്യപ്പെട്ടു.

കേമ്പിൽ ടി വി മാധ്യമിഅമ്മ പതാക ഉയർത്തി. പി എം സുരേഷ്ബാബു സ്വാഗതം പറഞ്ഞു. സിറിയക് ജോൺ, വി എൻ ജയരാജ്, എ ശങ്കരൻ, സുമം കെ ചെറിയാൻ, പ്രഫ. ജോബ് കാട്ടൂർ, എം ആലിക്കോയ, പി സുധാകരൻ എന്നിവർ പ്രസംഗിച്ചു.

സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ അമർച്ചചെയ്യുന്നതിന് വനിതാ ഐ ജിയെ നിയമിക്കുക, ജില്ലാ ആസ്ഥാനങ്ങളിൽ കുടുംബകോടതികൾ സ്ഥാപിക്കുക, സ്ത്രീധന നിരോധനനിയമം നടപ്പാക്കുക എന്നീ ആവശ്യങ്ങൾ അടങ്ങുന്ന പ്രമേയങ്ങൾ കേമ്പിൽ അവതരിപ്പിച്ചു.

കേമ്പ് ഞായറാഴ്ച സമാപിക്കും.

...യടുക്കം യുപി സ്കൂൾ ...ഗ്രേഡ് ചെയ്യണം

...ായ് 11: കോളി ...യ പി സ്കൂൾ ...അധ്യാപകര ...ജനറൽബോഡി ...മാസ്റ്റർ കെ പ ...നായിരുന്നു. മാര വി ഗോപാലകൃ

...ാർ ...ിക ...കി

...11: മഹാരാഷ്ട്ര ...കൗൺസിലിലേക്ക് ...ത്തുപ്പിൽ മുഖ്യമ ...നുണെ ലോക്കൽ ...ത്തിൽ മൽസരി ...തിക സമർപ്പിക്കു ...ദിവസമായ ശനി ... നൽകി. ആഗസ് ...രഞ്ഞെടുപ്പ്. ...നാല് സെറ്റ് പത്രി ...ത്. പുണെ 'കോൺ ...വാഹനവ്യൂഹത്തി ... എത്തിയ പവാർ ...മനിർദേശപത്രിക

...ഗതം രാജിവെ ...നം ഏറ്റെടുത്ത ... നിയമസഭയിൽ

...കർന്നത്

...ിക്കണം

...11: എടക്കാട് ...ായി കോട്ടമ്മൽ ...ത്ത'' നിർമ്മി ... തകർന്നവി ... ഉടൻ അന്വേ ... ടി സി ബാല ...യിൽ ചേർന്ന ...ായി ബ്രാഞ്ച് ...രംകെ ഉപകരി ...ർ കഴിക്കുന്നതി ...ന്നും യോഗം

പ്ലാൻ (പ്രസിഡണ്ട്) ഹെഡ്മാസ്റ്റർ കെ ചന്ദ്രശേഖരൻ (സെക്രട്ടറി).

ജനവിദ്യാകേന്ദ്രം പരിശീലന കേമ്പ് നടത്തി

കാസർകോട്, ജൂലായ് 11: സാക്ഷരതാ തുടർവിദ്യാഭ്യാസപരിപാടിയുടെ ഭാഗമായി ജില്ലാ സാക്ഷരതാസമിതിയുടെ ആഭിമുഖ്യത്തിൽ ജനവിദ്യാകേന്ദ്രം കൺവീനർമാർക്കുവേണ്ടി കാസർകോട്ടും കാഞ്ഞങ്ങാട്ടും പരിശീലനകേന്ദ്രകം സംഘടിപ്പിച്ചു.

നീലേശ്വരം, കാഞ്ഞങ്ങാട് ബ്ലോക്കുകളിലെ കൺവീനർമാർക്ക് കാഞ്ഞങ്ങാട് ബ്ലോക്കാപ്പീസിലും മഞ്ചേശ്വരം, കാസർകോട് ബ്ലോക്കുകളിലെ കൺവീനർമാർക്ക് കാസർകോട് കോ-ഓപ്പറേറ്റീവ് ടൗൺബേങ്ക് ഹാളിലുമാണ് പരിശീലനം നടത്തിയത്. കേന്ദ്രകളിൽ ജില്ലാ കോ-ഓഡിനേറ്റർമാരായ വി എൻ ജിതേന്ദ്രൻ, എം ആർ രാധാകൃഷ്ണൻ, കെ വി രാഘവൻ എന്നിവരും കെ ആർ പി മാരും പഞ്ചായത്ത് കോ-ഓർഡിനേറ്റർമാരും പങ്കെടുത്തു.

പി കണ്ണന് യാത്രഅയപ്പ് നൽകി

പയ്യന്നൂർ, ജൂലായ് 11: ബലിയപട്ടം ടൈൽവർക്സിന്റെ പയ്യന്നൂർ ഫാക്ടറിയിൽനിന്നും വിരമിച്ച പി കണ്ണന് സ്റ്റാഫ് ആൻറ് വർക്കേഴ്സ് വെൽഫേർ സൊസൈറ്റി യാത്രഅയപ്പ് നൽകി. സി ബാലകൃഷ്ണൻ അധ്യക്ഷനായിരുന്നു. അഡ്വ. കെ വിജയകുമാർ, അഡ്വ. നാരായണൻനായർ, വി രാഘവൻ, കെ എൻ കഞ്ഞോത്ത്, കെ കരുണാകരൻ, പി കഞ്ഞിരാമൻ എന്നിവർ പ്രസംഗിച്ചു. കെ വി മധുസൂദനൻ സ്വാഗതം പറഞ്ഞു.

സൊസൈറ്റി അംഗങ്ങളുടെ കുട്ടികളിൽ എസ് എസ് എൽ സിക്ക് ഫുൾ മാർക്ക് വാങ്ങിയ കുട്ടികൾക്ക് കമ്പനിവകയും സൊസൈറ്റിവകയും ഏർപ്പെടുത്തിയ കേഷ് അവാഡ് മാനേജിങ് ഡയരക്ടർ ദേവദാസ് ആറോൺ വിതരണം ചെയ്തു.

പിൻവലിക്കണം

പറമ്പ, ജൂലായ് 11: വെസ്റ്റ് ഏരിയാ പഞ്ചായത്തിൽ പറമ്പയിലെ ചുമട്ടുതൊഴിലുമായി ബന്ധമില്ലാത്ത ബി ജെ പി പ്രവർത്തകർക്ക് ഐഡൻറിറ്റി കാർഡ് നൽകിയതു റദ്ദ്ചെയ്യണമെന്ന് പറമ്പ ചുമട്ടുതൊഴിലാളി യൂനിയൻ (സി ഐ ടി യു) വെസ്റ്റ് ഏരിയാ കമ്മിറ്റി ആവശ്യപ്പെട്ടു. കെ ശ്രീധരൻ അധ്യക്ഷനായിരുന്നു. എം കുഞ്ഞമ്പുനായർ, എം എൻ രാജൻ, ഇ എസ് സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു.

അർഹതാനിർണയ ജീവനക്കാർക്കുള്ള ഇൻക്രിമെന്റ് വർധിപ്പിക്കണമെന്ന് വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂനിയൻ (സി ഐ ടി യു) കാസർകോട് ബ്രാഞ്ച് ജനറൽബോഡിയോഗം ആവശ്യപ്പെട്ടു.

സെക്രട്ടറി എം വി രാഘവൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ടി വി അനന്തൻ അധ്യക്ഷനായിരുന്നു.

സംസ്ഥാന സെക്രട്ടറിയറ്റ് അംഗം എം നാരായണൻ, സംസ്ഥാന കമ്മിറ്റി അംഗം കെ പി പത്മനാഭൻ, കെ ജയപാൽ എന്നിവർ സംസാരിച്ചു.

പെരിങ്ങോം ഗവ. ഹൈസ്കൂൾ അദ്ധ്യാപകൻ മാസ്റ്റർ കെ ജി കൊടക്കാട് അവാഡ് ദാനം നിർവഹിച്ചു. മടങ്ങിൽ ടി വി ജി മാരാർ അധ്യക്ഷതവഹിച്ചു. പി കുഞ്ഞികൃഷ്ണൻനായർ, ടി വി കോരൻ മാസ്റ്റർ എന്നിവർ സംസാരിച്ചു. എ കരുണാകരൻ സ്വാഗതവും ടി കെ ഗോപിനാഥൻ നന്ദിയും പറഞ്ഞു.

യുവധാര ക്ലബ് ഭാരവാഹികൾ

പൊറോലം, ജൂലായ് 11: യുവധാര സ്പോർട്സ് ആൻഡ് ആർട്സ്



ചരിത്രാവശിഷ്ടങ്ങൾകൊണ്ടൊരുവീട്: കപ്പക്കൊല്ലിയിലെ യാക്കോബ്-മേരി ദമ്പതികളുടെ വീട്

അവർക്ക് വീടൊരുക്കാൻ ചരിത്ര സ്മാരകങ്ങൾ

കല്പറ, ജൂലായ് 11: മണ്ണടിഞ്ഞ മഹാശിലായുഗ സംസ്കാരത്തിനു മുകളിൽ ഒരു ഗ്രാമം. ചരിത്രാതീതകാലത്തെ മൺഗ്രാമികളുടെ അവശിഷ്ടങ്ങളും ഗ്രാമവാസികളും തെല്ലും ശങ്കയില്ലാതെ അവരുടെ ദൈനംദിന ജീവിതത്തിനു ഉപയോഗിക്കുന്നു. ഗതകാല ചരിത്രത്തിന്റെ സ്മാരകമായി എക്കാലവും സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടവയാണിതെന്നു ഒരു പക്ഷേ അവരോർത്തിരിക്കില്ല.

മഹാശിലായുഗ കാലത്തേതെന്നു കരുതുന്ന കല്വറകളുടെയും അവശിഷ്ടങ്ങളുടെയും മുകളിൽ 446 കുടുംബങ്ങളാണു ഇന്നു പാർക്കുന്നത്. അമ്പലവയൽ പഞ്ചായത്തിലെ അമ്പുകത്തിമലക്കു "താഴെയുള്ള കപ്പക്കൊല്ലിയിലാണു" ഈ ചരിത്രാവശിഷ്ടങ്ങളുള്ളത്. പെത്തി മിനക്കിയ വൻ ശിലാ പാളികളും അടുക്കിയ കല്വറകളും ഇവിടെ എത്രയുണ്ടെന്നു ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല. വയനാട്ടിൽതന്നെ ആയിരംകൊല്ലി, തൊവരി മലക്കുത്ത മംഗലംകുന്നു, മെമ്പ്രമല താഴ്വര, മീനങ്ങാടിയിലെ പാതിരിപ്പാറ എന്നിവിടങ്ങളിലും ഇത്തരം അവശിഷ്ടങ്ങളും കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിൽ മഞ്ചേരി, നിലമ്പൂർ, തളിപ്പറമ്പു, ഇരിങ്ങല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ മഹാശിലായുഗ സ്മാരകങ്ങളുണ്ടു. എന്നാൽ വയനാട്ടിലെ അവശിഷ്ടങ്ങളും കേരളത്തിന്റെ ഇതര ഭാഗങ്ങളുടെതിൽനിന്നു വ്യത്യസ്തമാണു.

പതിനാറ് അടിയോളം താഴ്ചയും ഇരുപത് അടി നീളവും വീതിയുമുള്ള കഴികളിലാണു ഇവിടെ ശിലാപാളികളും സ്മാരികാകൃതിയിൽ അടുക്കിയിട്ടുള്ളതു. ഇവയിൽ ഒരടിയോളം പൊക്കമുള്ള കൽബഞ്ചുകളും ഉണ്ടു. കിഴക്കുഭാഗത്തെ ഒറക്കൽ പാളിയിൽ വൃത്താകൃതിയിലുള്ള ദ്വാരവും കാണുന്നുണ്ടു. കവുപ്പും ചുവപ്പും, ചാരവും നിറത്തിലുള്ള മൺപാത്രങ്ങളും കല്വറകളിൽനിന്നു കിട്ടിയിട്ടുണ്ടു. ബി സി 500-നും 300-നും ഇടയിൽ ദക്ഷിണേന്ത്യയിൽ പ്രചരിച്ച സംസ്കാരത്തിന്റെ അവശിഷ്ടങ്ങളാണിവയെന്നു കരുതുന്നു. തുരുമ്പെടുത്തുതീരാറായ ഇരുമ്പുദണ്ഡുകളും കോഴിക്കോടു സർവകലാശാലയിലെ ഡോ. രാഘവവാരിയർ ഇവിടെനിന്നും കണ്ടെടുത്തിരുന്നു. മഹാശിലായുഗകാലത്തെ കലപ്പയുടെ ഉപയോഗത്തിന്റെ അനുമാനത്തിന്റെ ഭാഗമായിരുന്ന എണ്പതുകളിൽ ചരിത്രകാരന്മാർ വയനാട്ടിൽ നടത്തിയ ഉദ്ഖനനങ്ങളും. കലപ്പയുടെ ഉപയോഗം സംബന്ധിച്ച സൂചനകളൊന്നും ലഭിക്കാത്തതുകൊണ്ടുതന്നെ ചരിത്രാന്വേഷകർ പിന്നീടു ഇവിടെ മനെക്കെട്ടില്ല.

കപ്പക്കൊല്ലിയിലെ 500 ഏക്രയോളം വരുന്ന ഭൂമി സ്വകാര്യ വ്യക്തികളുടെ കൈവശമാണിന്നു. അവർ തങ്ങളുടെ ഭൂമിയിൽനിന്നും കിട്ടിയ വൻ ശിലാപാളികളും തൊഴുത്തിൽ നീരത്താനും മാറത്തു വിരിക്കാനും ഉപയോഗിച്ചിരിക്കുന്നു.

1984ൽ കപ്പക്കൊല്ലിയിൽ വന്ന യാക്കോബ്-മേരി ദമ്പതികളുടെ വീടിന്റെ ചുമർ ഇത്തരം കൽപ്പീളകൾകൊണ്ടു ഉണ്ടാക്കിയതാണു. ഇവിടെ കിട്ടിയ കൽപാളികളിൽ ഏതോ പുരാതന രാജവംശത്തിന്റെ സൂചകങ്ങളായ ലിഖിതങ്ങളും കാണുന്നുണ്ടു.

നവീന ശിലായുഗഘട്ടത്തിൽ മരിച്ചവരെ സംസ്കരിച്ചിരുന്നത് ഇത്തരം കല്വറകളിലാണു. അവ ഉപയോഗിച്ച ഉപകരണങ്ങളും ഇതോടൊപ്പം അടക്കംചെയ്തിരുന്നു. ഇത്തരം വസ്തുക്കളും കപ്പക്കൊല്ലിയിലെ കല്വറകളിൽ കണ്ടെത്താനാകും.

ടിയ മണ്ണു നീക്കി നാല്പതോളം ചെറിയ കൽപ്രതിമകളും പുറത്തെടുത്തു. ഏതാണ്ടൊരേ വലിപ്പത്തിലുള്ള ഈ പ്രതിമകൾക്ക് ഒന്നൊന്നരയടി ഉയരം വരും. എല്ലാം ഒരു തരം ഉറപ്പുകുറഞ്ഞ വെണ്ണക്കല്ലിൽ കൊത്തിയത്. ഇത്തരം കല്ല് ഈ പ്രദേശത്ത് സുലഭമായുണ്ട്. മുത്തങ്ങയിലെ റെയിഞ്ചോഫീസിന്റെ മുമ്പിലും മറ്റും അവ ഇപ്പോഴും കാണാം. ചീങ്കല്ല് എന്നാണ് നാട്ടുകാർ ഇതിന് കൊടുത്ത പേര്. ചീവുംകല്ല് എന്നാവാം താൽപര്യം. അനായാസം ചീവിച്ചീവി ചെത്താവുന്നതുതന്നെയാണിത്. ഈ കല്ലുകൊണ്ട് കൽച്ചട്ടി മുതലായവ ഉണ്ടാക്കുന്നവർ ബത്തേരിക്കടുത്ത് കുപ്പാടി ഭാഗങ്ങളിൽ ഇപ്പോഴുമുണ്ട്. രൂപംകൊത്താനെളുപ്പമുള്ള ഈ കല്ലിൽ നർത്തകിമാരെയും നട്ടുവന്മാരെയും സാധാരണക്കാരായ സ്ത്രീപുരുഷന്മാരെയും അമ്മാനാട്ടക്കാരെയും എഴുത്താണിയേന്തിയ എഴുത്തുകാരെയും കതിർക്കുല, താമരമൊട്ട്, ചാമരം ഇവയേന്തിയ സ്ത്രീകളെയും മറ്റും ചീന്തി കരിച്ചിരിക്കുന്നു. എല്ലാ പ്രതിമകളുടെയും അടിഭാഗം കൂർപ്പിച്ചിട്ടുണ്ട്. പീഠത്തിൽ പ്രതിഷ്ഠിക്കാനല്ല, മണ്ണിൽ കുത്തനെ കുഴിച്ചിടാനുള്ളവയാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഈ വയിലെ ഇതിവൃത്തത്തിന് പ്രാധാന്യമുള്ള മാനുഷിക സ്വഭാവത്തിൽനിന്നുമാണ് ഇവ പൂജാബിംബങ്ങളല്ല, വഴിപാടു പ്രതിമകളാണെന്നതെ. ഭൂതപിശാചാദി ദുർദേവതകളുടെ ബാധയൊഴിയാൻ പ്രതിമകളുണ്ടാക്കി ആരാധനാ സ്ഥാപനങ്ങളിലൊരിടത്ത് സമർപ്പിക്കുന്ന പതിവ് പലേടത്തുമുണ്ട്. സമതലകേരളത്തിൽ, മുഖ്യമായും ക്ഷേത്രേതരസ്ഥാനങ്ങളിൽ ഇത്തരം കളിമൺ പ്രതിമകൾ കണ്ടുവരുന്നു. വയനാട്ടിൽ കളിമണ്ണ് ഇല്ലാത്തതിനാലും ചീങ്കല്ല് ധാരാളമുള്ളതിനാലുമാവാം മാധ്യമത്തിലുള്ള ഈ വ്യത്യാസം.

ക്ഷേത്രസ്ഥാനങ്ങളുടെ സൂചനയായി പീഠവും പീഠക്കാലുമുള്ള പൂജാവിഗ്രഹങ്ങളും എടത്തറ—രാമപള്ളി സ്ഥാനങ്ങളിൽ കണ്ടുകിട്ടി. അവ ഒന്നൊഴിയാതെ നല്ല കരിങ്കല്ലിൽ തീർത്തവയുമാണ്. ചീങ്കല്ലിൽ അതീവ ദുർല്ലമായേ ദേവതകളെ ചിത്രീകരിച്ചിട്ടുള്ളു. ദുർല്ലമായ അത്തരം രൂപങ്ങളിലൊന്ന് ഭൈരവമൂർത്തിയുടേതാണ്. തെയിടിപ്പുറത്തു നില്ക്കുന്ന രൂപത്തിന്റെ നാലു കൈകളിൽ ശൂലം, കപാലം, കടുന്തുടി, കടുത്തിലവായ എന്നിവയുണ്ട്. ഇടതുവശത്ത് ഒരു പന്നിയുടെ രൂപവും. വിസ്തരിച്ച ആടയാഭരണങ്ങളും ശൈവസങ്കൽപത്തിലുള്ള മറ്റു വസ്തുക്കളുമുള്ള ഈ വിഗ്രഹത്തിന് മദിരാശി മ്യൂസിയത്തിലുള്ള സമാന വിഗ്രഹങ്ങളുമായി ധാരാളം സാദൃശ്യവും പ്രാദേശിക ശൈലിയുടെ വ്യത്യാസങ്ങളും ഉണ്ട്. കൊത്തുപണിയിലുള്ള അമിതാലങ്കരണം പില്ക്കാല ശില്പശൈലിയുടെ പ്രത്യേകതയാവുന്നു. അപാകരണത്തിന്റെ കാര്യത്തിലുള്ള ശ്രദ്ധ രൂപത്തിന്റെ ജീവസ്സിലും അംഗോപാംഗങ്ങളുടെ ചേർച്ചയിലും ഒത്തിരിപ്പിലും ഒഴുക്കിലും ഒന്നും കാണുകയില്ലെന്നുമാത്രമല്ല, കാലും കൈയുമൊക്കെ കല്ലിച്ചപോലിരിക്കും. കണ്ണിലും ജീവസ്സ് കഷ്ടിയാണ്. ഈ ശൈലിയിൽപെട്ട ശില്പങ്ങളുടെയെല്ലാം പൊതുസ്വഭാവമാണതെന്നു പറയാം. ദക്ഷിണേന്ത്യയിൽ ഹൊയ്സള—വിജയനഗര ശില്പങ്ങളിലാണ് ഈ ശൈലി പ്രധാന്യേന കാണപ്പെടുന്നത്. മധ്യകാലാരംഭത്തിലെ ഒഴുക്കും ഭംഗിയും ലാളിത്യവും ജീവസ്സും തികഞ്ഞ പല്ലവ—ചാലൂക്യ ശില്പങ്ങളോടും മധ്യകാലത്തെ ചോള—പാണ്ഡ്യശില്പങ്ങളോടും താരതമ്യപ്പെടുത്തുമ്പോഴാണ് ഹൊയ്സള—വിജയനഗര ശില്പങ്ങളുടെ പ്രത്യേകത കൂടുതൽ വ്യക്തമാവുക. എടത്തറയിൽ കണ്ടെത്തിയ ഈ വിഗ്രഹങ്ങളിൽ സമാനമായ ഒരു ശൈലിയുടെ പ്രകടമായ സ്വാധീനമുണ്ട് എന്നുവെച്ച് ഇത് ഹൊയ്സള — വിജയനഗരശില്പികളുടെ സംഭാവനയാണെന്ന് കരുതരുത്. ആ ശില്പശൈലി ചില ശില്പശാസ്ത്രഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ടുവയാണ്. ആ ഗ്രന്ഥങ്ങളുമായി പരിചയമുള്ളവരുടെ കൈപ്പെരുമാറ്റം എടത്തറ ശില്പങ്ങളും വെളിവാക്കുന്നു എന്നേ പറഞ്ഞതിനർത്ഥമുള്ളു. മാത്രവുമല്ല, ശൈലിയിൽ പ്രദേശികത്വവും ഏറിവരുന്ന കാലമാണിത്. കേരളത്തിൽ പടിഞ്ഞാറുള്ള സമതലത്തിലെ ക്ഷേത്രങ്ങളിലും മറ്റും ഇങ്ങനെ പ്രദേശികസ്വഭാവമുള്ള ശൈലിയിലുള്ള വിഗ്രഹങ്ങളും പ്രതിമകളും ധാരാളമായുണ്ട്. ഇതിവൃത്തത്തിലും ഒരുതരം പ്രദേശികത്വം കണ്ടെത്താം. ഉദാഹരണത്തിന് അഞ്ചുതലയുള്ള ഒരു ദേവതാ സ്ത്രീരൂപം കാണുന്നു. ഇതത്ര പ്രചാരമുള്ള ഒരു സങ്കൽപമല്ല. പ്രദേശികമായ ഒരു ദേവതാ സങ്കൽപമാവാം ഈ പഞ്ചശിരാദേവിയുടെ നിർമാണത്തിനടിയിലുള്ളത്.

ക്ഷേത്രത്തിന്റെ തച്ചുശാസ്ത്രവും സമതലത്തിലെ കേരളീയക്ഷേത്രങ്ങളുടേതുപോലെയല്ല. കരിങ്കല്ലിലോ ചെങ്കല്ലിലോ തീർത്ത അധിഷ്ഠാനമോ മുഖമണ്ഡപമോ അവയുടെ അവശിഷ്ടങ്ങളോ പോലുമോ കാണാനില്ല. മണ്ണ് മാടിക്കൂട്ടിയുണ്ടാക്കിയ തറകളാണുണ്ടായിരുന്നത്. മേൽപ്പുര പുല്ലും മുളയും കൊണ്ടു തീർത്തതും വയനാടൻ സാമാന്യജനങ്ങളുടെ ഗൃഹനിർമാണരീതി തന്നെ.

ക്ഷേത്രങ്ങളും ഒരു ആരാധകസമൂഹത്തെ സൂചിപ്പിക്കുന്നുണ്ട്. എടത്തറയിലെ അനുഷ്ഠാനകേന്ദ്രത്തിലെ ആരാധകരായിരുന്നു എന്ന പ്രസക്തമായ ചോദ്യമുദിക്കുന്നു. ആ ചോദ്യത്തിനുത്തരം നല്കാൻ പരിസരങ്ങളിൽ കാണുന്ന ചിറകളുടേയും മണ്ണുകൊണ്ടുള്ള നീരണകളുടേയും മറ്റും അവശിഷ്ടങ്ങൾക്കേ കഴിയൂ. ഈ ചിറകളിലെ വെള്ളം കെട്ടിത്തിരിച്ചു കൃഷിചെയ്ത് ഉപജീവനം കഴിച്ച ഒരു സമൂഹം ഈ പ്രദേശത്ത് ഉണ്ടായിരുന്നു. അവർ സ്ഥലം മാറിപ്പോയേടത്താണ് കാടുകെട്ടിപ്പടർന്ന് വനമുണ്ടായത്. ഇവിടേക്കെടുത്ത് ഒരു കോട്ടയുടെ അവശിഷ്ടങ്ങളുണ്ട്. മൺകോട്ടയാണ്. ടിപ്പുവിന്റെ കോട്ടയാണിത് എന്ന് ചരിത്രരേഖകളും സൂചിപ്പിക്കുന്നു. ടിപ്പുവിന് എടത്തറയിൽ ഒരു കോട്ടയുണ്ടായിരുന്നതായി തെളിവുണ്ട്. അങ്ങനെ താൽക്കാലികമായ അടുത്തകാലത്തെ ചരിത്രവുമായി എടത്തറ ബന്ധപ്പെട്ടിരിക്കുന്നു. മാത്രവുമല്ല, പഴശ്ശിത്തമ്പുരാൻ ശത്രുക്കളായ വെള്ളക്കാരുടെ പിടിയിലകപ്പെട്ടതും എടത്തറയിൽ വെച്ചാണെന്ന് ഒരു വിശ്വാസമുണ്ട്. എങ്കിൽ അപ്പോഴേക്കും തമ്പുരാന് സൗകര്യമുള്ള ഒരു ഒളിസങ്കേതമാകത്തക്കവണ്ണം എടത്തറ വനഭൂമിയുടെ ഭാഗമായി കഴിഞ്ഞിരിക്കണം. എടത്തറയെക്കുറിച്ചു പറഞ്ഞ ഇക്കാര്യങ്ങളെല്ലാം തന്നെ നൂൽപ്പുഴയുടെ വടക്കേക്കരയിലെ രാമപള്ളിക്കും യോജിക്കും.

മധ്യകാലംമുതലേ വയനാട് ഒരു സാംസ്കാരകേന്ദ്രമായിരുന്നു. ചേരമാൻ പെരുമാളായ ഭാസ്കരരവിവർമനും അദ്ദേഹത്തിന്റെ കീഴിലുള്ള നാടുവാഴികളായിരുന്ന കുറുമ്പ്രനാട്, പുറകിഴാനാട് ഇവിടങ്ങളിലെ നാടുവാഴികൾക്കും തിരുനെല്ലിക്ഷേത്രവുമായി ബന്ധമുണ്ടായിരുന്നു. പതിനാലാം നൂറ്റാണ്ടിനു മുമ്പുണ്ടായ ഉണ്ണിയച്ചീചരിതമനുസരിച്ച് വയനാട്ടിലെ തിരുനെല്ലി കൊടുങ്ങല്ലൂരിനേക്കാളും നൂറുമടങ്ങ് ഭംഗിയുള്ളതായിരുന്നു. മംഗലാപുരം, ഹൊയ്സളരുടെ ദ്വാരാസമുദ്രം എന്നീ പട്ടണങ്ങളേയും ജയിക്കുന്ന മഹിമയുള്ളതായിരുന്നു ആ പ്രദേശം. പതിനാറാം ശതകത്തിൽ ഉദ്ഗ്രന്ഥശാസ്ത്രികളുടെ കാലത്ത് ചോളനാട്ടിലൂടെ കേരളത്തിലേക്കു കടന്നുവരുന്ന ആദ്യം ആദ്യമായി കാണുന്ന നഗരം ഐശ്വര്യസമൃദ്ധമായ തിരുനെല്ലിയാണ്. പിന്നെ തിരുനെല്ലി കൊടുംകാടായി. കാട്ടുമൃഗങ്ങളുടെ കൂത്തരങ്ങായി. വയനാട്ടിന്റെ പല ഭാഗങ്ങളിലുള്ള ഹൊയ്സള—വിജയനഗരജൈനദേവാലയ ശൈലിയുള്ള ജൈനബസ്തികളും മധ്യകാല വയനാടിന്റെ സംസ്കാര പ്രാതിനിധ്യം വഹിക്കുന്നവയാണ്. വരദൂർ എന്ന സ്ഥലത്ത് ഒരു കർണാടകശാസനത്തിൽ കർണാടകത്തിലെ കാർക്കളർക്ക് വയനാടൻ ജൈനബസതികളുമായുള്ള ഉറ്റ ബന്ധം എടുത്തു പറയുന്നു.

മധ്യകാലത്തുടനീളം പടിഞ്ഞാറ് സമതല കേരളവുമായും വടക്കുകിഴക്ക് കർണ്ണാടകവും തെക്കുകിഴക്ക് തമിഴ്നാടുമായും വയനാടൻ പ്രാദേശിക പ്രദേശത്തിനുള്ള ബന്ധം പരമാർഹമാണ്. പ്രദേശിക സംസ്കാരങ്ങളുടെ സംഗമസ്ഥാനമായ ഈ പ്രദേശത്തിന്റെ ചരിത്രത്തിലേക്ക് വെളിച്ചം ചൊരിയുന്നവ എന്ന നിലയിലാണ് എടത്തറയിലേയും രാമപള്ളിയിലേയും ചരിത്രാവശിഷ്ടങ്ങൾ ശ്രദ്ധേയമായിത്തീരുന്നത്.

മാതൃഭൂമി ആഴ്ചപ്പതിപ്പ്

LINTAS M GMP 2 27.0 MI



അലങ്കാരസുന്ദരി

രുന്നു. അതുകൊണ്ടുതന്നെ കാലികളെ കവരുന്നവരെ തടയാനും അവരുമായി പോരാടാനും വേണ്ടി ഓരോ ഗ്രാമത്തിലും വീരന്മാരും ഉണ്ടായിരുന്നു. ജനവാസകേന്ദ്രങ്ങൾക്കിടയിൽ കാടുപിടിച്ച പ്രദേശങ്ങൾ സുലഭമായുണ്ടാവും. കവർച്ചക്കാർ ആ കാടുകളിൽ നിന്ന് വരികയും അങ്ങോട്ടുതന്നെ പോയൊളിക്കുകയും ചെയ്യും. അവരുമായേറ്റുമുട്ടുന്ന ചില പടയാളികൾക്ക് ജീവൻ നഷ്ടപ്പെടുന്നത് സ്വാഭാവികം മാത്രം. അങ്ങനെ മരിക്കുന്ന വീരന്മാരുടെ സ്മരണക്കായി നാട്ടുന്ന കല്ലുകളാണ് വീരക്കല്ലുകൾ. കാലിക്കവർച്ച തടയൽ മാത്രമല്ല വീരന്മാരുടെ ധർമം. കാരവാനുകളായി കൂട്ടത്തോടെ കച്ചവടസംഘങ്ങൾ നിത്യോപയോഗ സാമഗ്രികളുടെ കൈമാറ്റത്തിനുവേണ്ടി മലകളും ചുരങ്ങളും കാടുകളും താണ്ടി ദൂരദിക്കുകളിലേക്ക് യാത്രപോകുന്ന പതിവുണ്ടായിരുന്നു. കൊള്ളക്കാർ ഇത്തരം സാർഥവാഹകസംഘങ്ങളെ കാട്ടുപ്രദേശങ്ങളിൽ പതിയിരുന്നാക്രമിച്ച് മുതലുകൾ കൊള്ളചെയ്യുക സാധാരണമായിരുന്നു. വഴിക്കൊള്ളക്കാരെ നേരിടാൻ സാർഥവാഹകരോടൊപ്പം വീരന്മാരും യാത്രചെയ്യും. കവർച്ചക്കാരോടേറ്റു വീരമൃത്യു വരിക്കുന്നവരുടെ സ്മരണയ്ക്കായും വീരക്കല്ലുകൾ നാട്ടും. ക്രിസ്തു ആദിശതകങ്ങളിലെ ജൈനകൃതികളിൽ ചിലതിലും അകനാനൂറ് പുറനാനൂറ് കുറുന്തൊകൈ മുതലായ പഴന്തമിഴ് പാട്ടുകളിലും ഇങ്ങനെ വീരന്മാരുടെ സ്മരണയ്ക്കായി നാട്ടുന്ന വീരക്കല്ലുകളെക്കുറിച്ച് നിരവധി പ്രസ്താവങ്ങളുണ്ട്. മയിൽപീലിയും പൂമാലയും മറ്റും ചൂടിച്ച് ഈ വീരക്കല്ലുകളെ ആരാധിക്കുന്നതിനെപ്പറ്റിയും പഴന്തമിഴ് പാട്ടുകൾ വിസ്തരിക്കുന്നു. തൊൽകാപ്പിയം എന്ന തമിഴ് വ്യാകരണ—സാഹിത്യശാസ്ത്രഗ്രന്ഥത്തിൽ വീരക്കല്ലിനു പറ്റിയ കല്ല് തിരഞ്ഞെടുക്കൽ, അത് വെട്ടിക്കൊണ്ടുവന്ന് വെള്ളത്തിലിട്ടു പാകപ്പെടുത്തൽ, രൂപം കൊത്തൽ, പേരെഴുതൽ തുടങ്ങിയ കർമങ്ങളെക്കുറിച്ച് വിശദമായ വിവരണങ്ങളുണ്ട്. അന്നത്തെ ഈ വീരക്കൽ പ്രതിഷ്ഠയ്ക്ക് ഒരുതരം അനുഷ്ഠാന സ്വഭാവം വന്നുപെട്ടു. പഴന്തമിഴ് പാട്ടുകളിൽ വർണിച്ച തരത്തിലുള്ള ഒരു വീരക്കല്ലാണ് ഇവിടെ എടത്തറയിലെ കാട്ടുപ്രദേശത്ത് കണ്ടത് എന്നാണ് പറഞ്ഞുവരുന്നത്. വീരക്കല്ലിന്റെ സാന്നിധ്യം കൊണ്ട് സ്ഥലത്തിന് ഒരു അനുഷ്ഠാന പ്രാധാന്യം വന്നിരിക്കാം. പഴന്തമിഴ് പാട്ടുകളുടെ കാലമായ ക്രിസ്തു ആദിശതകങ്ങളാവാം ഈ കല്ലിന്റെയും കാലം. അഥവാ അല്പം കഴിഞ്ഞ്. ഏതായാലും ഒരു വീരയുഗത്തിന്റെ അവശിഷ്ടമാണത്. രൂപം കൊത്തിയ കല്ല് മൂന്നു കള്ളികളായിത്തിരിച്ചിരിക്കുന്നു. ചുവട്ടിലെ കള്ളിയിൽ വില്ലും അമ്പും വാളും കുന്തവും ഏന്തിയ പടയാളികൾ പോരാടുന്ന ഒരു യുദ്ധരംഗമാണ് ചിത്രീകരിച്ചിട്ടുള്ളത്. നടുക്കള്ളിയിൽ അപ്സരസ്ത്രീകൾ നൃത്തമാടിക്കൊണ്ട് വീരനെ എതിരേല്ക്കുന്നു. മുകളിലെ കള്ളിയിൽ വീരൻ കൈലാസത്തിലെത്തുന്ന രംഗമാണ്. ചിത്രങ്ങളിൽ നിന്ന് അക്കാലത്തെ ആയുധസാമഗ്രികൾ, ഉടുപുടവരീതികൾ, ആഭരണങ്ങൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, മതപരമായ ആശയങ്ങൾ എന്നിങ്ങനെ പല കാര്യങ്ങളെപ്പറ്റിയുള്ള അറിവുകിട്ടുന്നു എന്നതാണ് പ്രധാനം. പൊയ്പ്പോയ കാലത്തിന്റെ ഒരു ഖണ്ഡമാണ് ഒരു പോർവീരന്റെ ചിരസ്മരണയോടൊപ്പം ഈ സ്മാരകമായി കല്പിച്ച് കിടക്കുന്നത്.

വീരക്കല്ലിനെപ്പറ്റിയുള്ള പഴന്തമിഴ് വർണനകൾ യാഥാർഥ്യമാണെങ്കിൽ ഈ സ്മാരകത്തിന്റെ നിർമാണകാലത്ത് ഇവിടം കാട്ടുപ്രദേശമായിരിക്കണം. മറ്റെന്തെങ്കിലും അവശിഷ്ടങ്ങൾ ഇവിടെയോ പരിസരത്തോ കാണുമോ എന്നന്വേഷിച്ചു നടക്കവെ മരച്ചുവടുകളിൽ ഉടഞ്ഞുചിതറിക്കിടക്കുന്ന കരിങ്കൽകഷണങ്ങൾ കാണാനിടയായി. യാദൃച്ഛികമായെന്നുതന്നെ പറയട്ടെ, മണ്ണിൻ മുകളിൽ ഒരു ഒന്നൊന്നരയിഞ്ച് പൊങ്ങിനില്ക്കുന്ന ഒരു കരിങ്കൽ കഷണം ശ്രദ്ധയിൽപെട്ടു. ഒരു കിരീടത്തിന്റെ അറ്റംപോലെ. അവിടെ മണ്ണുനീക്കിയപ്പോൾ സർവാഭരണ വിഭൂഷിതയായി നൃത്തം ചെയ്യുന്ന മട്ടിലുള്ള അംഗവിന്യാസത്തോടുകൂടിയ ഒരു ശിലാസുന്ദരി പതുക്കെപ്പതുക്കെ രംഗത്തെത്തി. തുടർന്ന് ചുറ്റും വന്നുമൂ

പ്രതിമകൾ

കതിരേന്തിയവർ



ഭൈരവമൂർത്തി

ചിത്രങ്ങൾ: ഉത്തമൻ

എടത്തറയിലെ എഴുത്തുകാരൻ

മധ്യകാലഘട്ടത്തിലുടനീളം പ
ടിഞ്ഞാറു സമതല കേരളവു
മായും, വടക്കുകിഴക്ക് കർ
ണാടകവും തെക്ക് കിഴക്ക് ത
മിഴ്നാടുമായും വയനാടൻ
പീഠഭൂമി പ്രദേശത്തിന്നു
ഉണ്ടായിരുന്ന ബന്ധം പാനാർ
ഹമാണ്. പ്രാദേശിക സംസ്കാ
രങ്ങളുടെ സംഗമസ്ഥാനമായ
ഈ പ്രദേശത്തിന്റെ ച
രിത്രത്തിലേക്ക് വെളിച്ചം
പൊരിയുന്നവ എന്ന നില
യിൽ എടത്തറയിലേയും
രാമപ്പള്ളിയിലേയും ചരിത്രാ
വശിഷ്ടങ്ങളും ശ്രദ്ധേയമാ
യിത്തീരുന്നു

വയനാട്ടിൽ കണ്ടെത്തിയ ശിലാ

വയനാട്ടിലെ എടത്തറ—രാംപള്ളി മ
സർവ്വേ വനങ്ങളിൽ ഈയിടെ ക
ണ്ടെത്തിയ ചരിത്രാവശിഷ്ടങ്ങളും ചരിത്ര
കാരന്മാർക്കും സാധാരണക്കാർക്കും ഒ
രുപോലെ കൗതുകമുണർത്തുന്നവയാ
ണ്. കാഷ്ടബംഗ്ലാവുകളിൽ പ്രദർശന
വസ്തുക്കളാക്കാവുന്ന കുറെ വിഗ്രഹങ്ങ
ളും ശിലാപ്രതിമകളും മറ്റും പുറത്തുവ
ന്നു എന്നതിൽ കവിഞ്ഞ് ആ വ
സ്തുക്കൾക്ക് പ്രാധാന്യമുണ്ട്. അവ ക
ണ്ടെടുത്ത പ്രദേശത്തിന്റെ ഭൂസ്ഥിതി
യുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഉ
ചിതമായ ഒരു സംസ്കാര വികാസ ഘ
ട്ടത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ
പരിശോധിക്കുമ്പോഴാണ് ആ പ്രാധാ
ന്യം തെളിഞ്ഞു വരിക. കാട്ടാനകളും
ദുർലഭമായി കരടി, പുലി എന്നിങ്ങ
നെയുള്ള കാട്ടുമൃഗങ്ങളും മേഞ്ഞു ന
ടക്കുന്ന കൊടും കാട്ടിൽ മനുഷ്യവാ
സത്തിന്റെ പഴയ ലക്ഷ്യങ്ങളും കാണു
ന്നതിലുള്ള കൗതുകം തന്നെയാണ് ആ
ദ്യം മനസ്സിലുദിക്കുക. ആ കൗതുകം ക്ര
മേണ അറിയപ്പെട്ട വസ്തുതകളുടെ അടി
സ്ഥാനത്തിലുള്ള പുതിയ അന്വേഷണ
ങ്ങളിലേക്ക് പടർന്നു കയറുമ്പോഴാം ഇ
പ്പോഴം കണ്ടെത്തിയ വസ്തുക്കൾക്ക് സ
വിശേഷമായ അർഥവും പ്രസക്തിയും
കൈവരുന്നു. പലപ്പോഴും ഒറ്റപ്പെട്ട നി
ലയിൽ കണ്ടെത്തുന്ന വസ്തുക്കളുടെ പ്രാ
ധാന്യം അറിയാതെ പോകാം. വയനാട്ടി
ലെ അന്വേഷണങ്ങൾക്കുണ്ടായിരുന്ന ഒ
രു മെച്ചം ഒരു സംസ്കാരമാതൃകയെ സൂ
ചിപ്പിക്കുന്ന വിധം ആവർത്തന സ്വഭാ
വമുള്ള അവശിഷ്ടങ്ങളം രണ്ടിടത്തുനി
ന്ന് കണ്ടുകിട്ടി എന്നുള്ളതാണ്.

കബനീനദിയോടു ചേരാൻ കിഴ
ക്കോട്ടൊഴുകുന്ന നൂൽപ്പുഴയുടെ
തെക്കും വടക്കും കരകളിലായിട്ടാണ്
ഈ അവശിഷ്ടങ്ങൾ കണ്ടെത്തിയത്.
ബത്തേരി—മൈസൂർ പാതയിൽ നൂൽ
പ്പുഴയുടെ തെക്കേ കരയിലെ എടത്ത
യിലും വടക്കെ കരയിലെ രാമപ്പള്ളി എ
ന്നറിയപ്പെടുന്ന രാംപൂർ വനത്തിലുമാ
യി അന്വേഷണം ഒതുങ്ങിനിന്നു. എ
ടത്തറയിലെ ഒരു രൂപം കൊത്തിയ
കല്ലിനെപ്പറ്റി ആളുകൾക്ക് ആദ്യമേ അ
റിവുണ്ടായിരുന്നു. വയനാടിന്റെ സം
സ്കാരചരിത്രത്തിലേക്ക് വെളിച്ചം വീ
ശുന്ന ഒരു മ്യൂസിയം ഉണ്ടായാൽ
കൊള്ളാമെന്ന കലക്ടർ ശ്രീ. രവീന്ദ്രൻ
തമ്പിയുടെ ആഗ്രഹമനുസരിച്ച് ഞ
ങ്ങളിൽ ചിലർ അദ്ദേഹത്തോടൊപ്പം എ
ടത്തറയിലെ രൂപം കൊത്തിയ കല്ലും
മറ്റും പോയി നോക്കി. അപ്പോഴാം അ
തൊരു വീരക്കല്ലാണെന്നും വയനാട്ടി
ലെ പുല്ലള്ളി, ശശിമല, അമരകുനി തു
ടങ്ങി പല ഭാഗങ്ങളിലും കാണാറുള്ള
വീരക്കല്ലുകളിൽ നിന്ന് ഈ കല്ല് വ്യ
ത്യസ്തമല്ലെന്നും തിരിച്ചറിയാൻ കഴി
ഞ്ഞു. ഇക്കാര്യം കലക്ടറേയും കൂട്ടു
കാരേയും ബോധ്യപ്പെടുത്താൻ ഞ
ങ്ങാം പുല്ലള്ളി, ശശിമല, അമരകുനി
മുതലായ സ്ഥലങ്ങളിൽ ചുറ്റി. അവിട
ങ്ങളിലെ വീരക്കല്ലുകാം പരിശോ
ധിക്കുകയും ചെയ്തു. വീരക്കല്ല് എന്താ
ണ്, ഏതാണതിന്റെ കാലം, എന്താ
ണതിന്റെ പ്രാധാന്യം എന്നൊക്കെയാ
യി പിന്നത്തെ ചോദ്യങ്ങാം. പണ്ടെന്നു
വെച്ചാൽ വളരെ പണ്ട് നിലവിലിരു
ന്ന ഒരുതരം സാമൂഹ്യ വ്യവസ്ഥയിൽ
കാലികാം വിലപിടിപ്പുള്ള സമ്പത്താ
യി കരുതിയിരുന്ന കാലത്ത് കാ
ലിക്കവർച്ച ഒരു സ്ഥിരം സംഭവമായി

ഡോ. എം.ആർ. രാഘവവാരിയർ

പാഠഭേദം മാസികയുമായി
ലിറ്റിൽ മാസികയുടെ സംഭാഷണം

ഭാഗം 2

പേടിയില്ല പാഠഭേദത്തിനു വായനക്കാരേയും

*(ലിറ്റിൽ മാഗസിനുകളെക്കുറിച്ച് നിലനിൽക്കുന്ന പല ധാരണകളെയും തിരുത്തിക്കുറിച്ചുകൊണ്ടാണ് പാഠഭേദം മാസിക 25 വർഷക്കാലമായി മലയാളിയുടെ വിചാരങ്ങളിൽ ഇടപെടുന്നത്. മാഗസിൻ ആക്ടിവിസം എന്നതിനെ മലയാളിക്ക് ഇത്രമേൽ പരിചയപ്പെടുത്തിയ മറ്റൊരു പ്രസിദ്ധീകരണവുമില്ല.കേരളത്തിലെ ഒട്ടുമിക്ക ലിറ്റിൽ മാഗസിനുകളുമായും ഇടപെട്ട് പ്രവർത്തിച്ചിട്ടുള്ള **സിവിക് ചന്ദ്രൻ** തന്റെ പാഠഭേദം അനുഭവങ്ങളെ മുൻനിർത്തി ലിറ്റിൽ മാസികയുമായി സംസാരിക്കുന്നു.- എഡിറ്റർ)*

***ലി.മാ.*: വാസ്കോഡഗാമയുടെ ഇന്ത്യൻ അധിനിവേശത്തിന്റെ അഞ്ഞൂറാം വാർഷിക പരിപാടിയുടെ പേരിൽ പാഠഭേദം ഏറെ വിമർശ്ശനം കേട്ടു.ഫണ്ടിംഗുകൾ വാങ്ങുന്നുവെന്നും മതമൗലികവാദികളുടെ പിന്തുണയുണ്ടെന്നും ആരോപണം ഇന്നും പറഞ്ഞു കേൾക്കുന്നു**

അകത്തുനിന്നോ പുറത്തുനിന്നോ ഒരു ഏജൻസികളുടെയും സഹായം സ്വീകരിക്കില്ല എന്ന നിലപാട് പാഠഭേദം നേരത്തെ തന്നെ സ്വീകരിച്ചിരുന്നു.പാഠഭേദത്തിനു മതമൗലികവാദികളുടെ പിന്തുണയുണ്ടായി എന്ന് പറഞ്ഞിരുന്നു. എന്നാൽ അങ്ങനെയല്ല. സിമി പോലെയുള്ള സംഘടനയുടെ ആക്ടിവിസ്റ്റുകൾ ആ പരിപാടിയിൽ ഉണ്ടായിരുന്നു. ഗോവ ഫൗണ്ടേഷന്റെ ഒരു പ്രോജക്ട് ആയിരുന്നു അത്. അവരാണ് സാമ്പത്തിക ചിലവ് നിർവ്വഹിച്ചത്. നമ്മൾ ആതിഥേയരായി മാത്രം. ക്ലോസ് അൽവാരിസ്, ചരിത്രകാരൻ ധരംപാൽ , മുഹമ്മദ് ഇദ്രിസ് ഹാജി മലേഷ്യ എന്നിവരൊക്കെയാണ് അന്ന് പങ്കെടുത്തത്. നമ്മൾ അന്നു ചെയ്തത്. ആർ.എസ്.എസുമായി ബന്ധമുണ്ട് എന്ന് പറഞ്ഞിരുന്ന ചരിത്രകാരൻ ധരംപാലിനെ സിമിക്കും മുഹമ്മദ് ഇദ്രീസ് ഹാജിയെ ആർ.എസ്.എസിനും പരിപാടികൾക്ക് കൈമാറി. ഒരു കൾച്ചറൽ ഡയലോഗ് സാധ്യമാക്കുക എന്നതായിരുന്നു ശ്രമം.

ഒറ്റ പ്രാവശ്യമാണ് പാഠഭേദത്തിന്റെ ചരിത്രത്തിൽ ഒരു ജോയിന്റ് പ്രോഗ്രാം നടത്തിയത്. മുത്തങ്ങ സംഭവത്തിനുശേഷം പെസ ചർച്ച ചെയ്യാൻ വേണ്ടി ഒരു സെമിനാർ പാഠഭേദം നടത്തി. ഡൽഹി കേന്ദ്രമായ ഒരു എൻ.ജി.ഒ ആയ റാസിസ് (RASIS) ആയിരുന്നു കൂടെ. സ്വന്തമായി ഫണ്ടുണ്ടാക്കുന്ന എൻ.ജി.ഒ ആണത്. അവർ സഹായിച്ചിരുന്നു. എല്ലാ എൻ.ജി.ഒ മാരും കോർപറേറ്റ് എൻ.ജി.ഒ മാരല്ല. അന്ന് സെമിനാറിൽ പങ്കെടുത്ത സുനിത നാരായണൻ, ബി.ഡി. ശർമ്മ എന്നീ അതിഥികളുടെ യാത്രാച്ചിലവ് വഹിച്ചത് ഈ എൻ.ജി.ഒ ആയിരുന്നു. ഇതു മാത്രമാണ് പാഠഭേദം ആകെ നടത്തിയ ഒരു ജോയിന്റ് പ്രോഗ്രാം. ഇതുവെച്ചാണ് മാധ്യമംകാർ അടക്കം പാഠഭേദത്തിന്റെ എൻ.ജി.ഒ ബന്ധം എന്ന് വിമർശിച്ചത്.

പിന്നെയുണ്ടായ ഒരു ആരോപണം ആക്ഷൻ എയ്ഡ് (Action Aid) എന്ന എൻ.ജി.ഒ യുമായി ബന്ധപ്പെട്ടതാണ്. ഗുജറാത്ത് സംഭവങ്ങൾക്കെതിരെ നന്നായി പ്രവർത്തിച്ച ഒരു സംഘടനയാണത്. ഗുജറാത്ത് ഇരകളുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ഒരു എൻ.ജി.ഒ. അവർ ആ സമയത്ത് കുറേ നല്ല പോസ്റ്ററുകൾ ഇറക്കിയിരുന്നു. അതിലെ ഒരു പോസ്റ്റർ പാഠഭേദം അതിന്റെ പുറംകവറിൽ പുന:പ്രസിദ്ധീകരിച്ചിരുന്നു. രണ്ടാം പാഠഭേദത്തിന്റെ ആദ്യലക്കത്തിലാണ് എന്ന് തോന്നുന്നു. ഗുജറാത്ത് സംഭവത്തിന്റെ സംഗതികൾ സെർച്ച് ചെയ്തപ്പോൾ കിട്ടിയതാണ് ആ പോസ്റ്റർ. നമുക്കാണെങ്കിൽ പുറംകവറിൽ പരസ്യമില്ല. Action aid എന്നു പേരുള്ള ആ പോസ്റ്റർ പരസ്യമല്ല അത് പുന:പ്രസിദ്ധീകരിച്ചതാണ്. അതാണ് ഫണ്ട് പറ്റിയെന്ന പേരിൽ മാധ്യമം വിമർശിച്ചത്. മാധ്യമം പോലുള്ള ഒരു പ്രസിദ്ധീകരണം പ്രത്യേകിച്ചും ഗുജറാത്ത് പോലുള്ള ഒരു വിഷയത്തിൽ പാഠഭേദം അങ്ങനെ ചെയ്തതിനെ തെറ്റായി ചിത്രീകരിക്കാൻ പാടില്ലാത്തതാണ്. ഇങ്ങനെയൊക്കെയാണ് ആരോപണങ്ങൾ വന്നത്. മാത്രവുമല്ല കാശില്ലാതെ എങ്ങനെയാണ് ഇങ്ങനെ ഒരു പ്രസിദ്ധീകരണം ഇറക്കുക എന്ന് ആളുകൾക്ക് സംശയവുമുണ്ട്. ഞാൻ തിരിച്ചാണ് പറയുന്നത് പാഠഭേദത്തിന് ഒരിക്കലും സാമ്പത്തിക പ്രശ്നം ഉണ്ടായിട്ടേയില്ല. ഞങ്ങൾ നാൽപതുപേരുണ്ട് ടീമിൽ. അതിൽ ആക്ടീവായ പത്തുപേരുണ്ട്. അതിൽ മിക്കവരും സ്വന്തം വരുമാനമുള്ളവരും. നമുക്ക് ഓരോ ലക്കത്തിനും അഞ്ഞൂറോ ആയിരമോ രൂപ എടുക്കാം എന്നത് ബുദ്ധിമുട്ടേയല്ല. നമുക്ക് പറയാനുള്ള കാര്യം പറയാൻ ആണ്. വായനക്കാരെ പോലും തള്ളിപ്പറയുന്നത് ആ കാരണത്താലാണ്. വായനക്കാരന്റെ സ്ഥാപിത താൽപര്യങ്ങളും നമ്മെ നയിക്കാൻ പോകുന്നില്ല. പാഠഭേദം നമുക്കാർക്കും ചിലവ് തരുന്നില്ല. പാഠഭേദത്തിന് നമ്മൾ അങ്ങോട്ട് ചിലവിന് കൊടുക്കുകയാണ്. നേരെമ

ക്ലോഡ് അൽവാരീസ്

സച്ചിദാനന്ദനെ കുറിച്ച് സി.ആർ. പരിമേശ്വരൻ ഒരിക്കൽ പറഞ്ഞിരുന്നു. സച്ചിദാനന്ദൻ ഒരു കൊറ്റനാടാണ്. ഏത് പുതുനാമ്പ് കണ്ടാലും ഒന്ന് കടിച്ചു തുപ്പിക്കളയും! അങ്ങനെയുള്ള കൊറ്റനാടുകൾ നമ്മുടെ വായനക്കാരിലുമുണ്ട്. ബുദ്ധിജീവികളിലുണ്ട്. ഫുക്കുവോക്ക ഇറങ്ങിയാൽ അതിവന്റെ സഞ്ചിയിലുമുണ്ടാകും. അതു വായിക്കും. അവനൊന്നും ചെയ്യുകയുമില്ല. ഫിലിം ഫെസ്റ്റിവലുകളിൽ ഇവരുണ്ടാകും. എല്ലാറ്റിലും നിൽക്കുന്ന ഒരഞ്ചൂറ് പേർ ഇങ്ങനെയുണ്ടാകും. അഞ്ചൂറ് പൊള്ളച്ചെണ്ടകൾ!

നമ്മുടെയൊരു കുഴപ്പമായി എനിക്കു തോന്നുന്നത് രണ്ട് മാസം ഒരു പ്രണയത്തിൽ പെടും, ഒരു മാസം ഒരു പുസ്തകം വായിക്കും, മൂന്ന് മാസം ഒരു വിപ്ലവ ഗ്രൂപ്പുമായി ബന്ധപ്പെടും. ഈ മേൽവിലാസത്തിലാണ് ജീവിതകാലം മുഴുവൻ. ഒരു വ്യാജ പാസ്പോർട്ടിലാണ് നമ്മുടെ ജീവിതം....

റിച്ച് ലിറ്റിൽ മാഗസിൻ പ്രവർത്തനം ചിലവ് നിലനിർത്തിക്കൊണ്ടുപോകൽ മാഗസിൻ പ്രവർത്തകർക്ക് പലപ്പോഴും പ്രശ്നമാകാറുണ്ട്. അത് അച്ചടിച്ചിലവും പോസ്റ്റേജും മാത്രമല്ല. മാഗസിന്റെ ഒരു സംഘമുണ്ടല്ലോ. ആ സംഘത്തെ നിലനിർത്തിക്കൊണ്ടുപോകണമെങ്കിൽ നല്ല ചിലവുണ്ട്. അവരുടെ ഇടയ്ക്കുള്ള കൂടൽ, മദ്യപാനം.... അങ്ങനെ.... പാഠഭേദത്തിന് ഒരിക്കലും അങ്ങനെ ഒരു ചിലവുണ്ടായിട്ടില്ല.

ലി.മാ. **: അടുത്തിടെ ശ്രദ്ധിച്ചതാണ് ബോബി ജോസ് കപ്പൂച്ചിനും മറ്റും കടന്നു വരുന്നു. പാഠഭേദത്തിൽ നിന്നും തീരെ പ്രതീക്ഷിക്കാത്തതാണത്. ഇത്തരം ആത്മീയത?**

പാഠഭേദത്തിൽ ആത്മീയതയുണ്ട്. അത് ഒരു സോഫ്റ്റ് തിയോളജിയായിട്ടല്ല എന്നുമാത്രം. ആത്മീയത തെറ്റല്ല. നിത്യചൈതന്യയതിയെ പോലുള്ള ഒരാൾ പാഠഭേദത്തിൽ ഒരു കോളം ചെയ്യാൻ ആഗ്രഹം അറിയിച്ചിട്ടുണ്ട്. ബോബിയച്ചന്റെ കുറിപ്പുകളൊക്കെ എഴുതിയത് എടുത്തുകൊടുക്കുന്നതോ പറഞ്ഞ് എഴുതിക്കുന്നതോ ആണ്. അത് പാഠഭേദത്തിന്റെ ഒരു ബാലൻസിംഗിന്റെ ഭാഗമായിട്ടാണ്. ചില ലക്കങ്ങൾ കടുപ്പം കൂടിയപോലെ നമുക്കുതന്നെ തോന്നാറുണ്ട്. ഭാഷയുടെ കാര്യത്തിൽ പോലും. നമുക്കറിയാം വയലൻസ് ഒഴിവാക്കണമെന്ന്. പക്ഷേ വയലൻസില്ലാതെ നമുക്ക് നിലനിൽക്കാനുമാകില്ല. പ്രത്യേകിച്ച് പോസിറ്റീവും ക്രിയേറ്റിവുമായ വയലൻസ് നമുക്ക് ഒഴിവാക്കാനാവില്ല. മാത്രവുമല്ല പാഠഭേദത്തിന്റെ പഴയ വായനക്കാർ പാഠഭേദത്തിന്റെ ഏറ്റവും വലിയ ബാധ്യതയാകുന്നു. പഴയ എരിവും പുളിയും ഇല്ലല്ലോ എന്ന് ഓരോ ലക്കം മറിഞ്ഞുമ്പോഴും അവർ ചോദിച്ചുകൊണ്ടേയിരിക്കും. കൂടുതൽ എരിവും പുളിയും ആവശ്യമായി തോന്നുന്നുണ്ടെങ്കിൽ നിങ്ങൾക്കെന്തോ രോഗമുണ്ടെന്നാണ്. ഇന്റലക്ചൽ അൾസർ! അതിനു ചികിത്സിക്കുകയാണ് വേണ്ടത്. ജീവിതത്തിൽ അവർക്ക് ഇതൊന്നുമില്ല.

നമ്മുടെയൊരു കുഴപ്പമായി എനിക്കു തോന്നുന്നത് രണ്ട് മാസം ഒരു പ്രണയത്തിൽ പെടും, ഒരു മാസം ഒരു പുസ്തകം വായിക്കും, മൂന്ന് മാസം ഒരു വിപ്ലവ ഗ്രൂപ്പുമായി ബന്ധപ്പെടും. ഈ മേൽവിലാസത്തിലാണ് ജീവിതകാലം മുഴുവൻ. ഒരു വ്യാജ പാസ്പോർട്ടിലാണ് നമ്മുടെ ജീവിതം. പഴയ നക്സലൈറ്റ് എന്നൊക്കെ പറയും! നക്സലൈറ്റ് ആയിട്ടില്ലെങ്കിലും ആവാനുള്ള ഒരുക്കം നടത്തിയിട്ടുണ്ടാകും. അതുമതി. അല്ലെങ്കിൽ മഴപെയ്തതിനു ശേഷം ചിലപ്പോൾ മാനം പെയ്യുന്നത് കണ്ടിട്ടുണ്ടാവും. അതിന്റെ ചുവട്ടിലൊക്കെ നിന്നിട്ടുണ്ടാകും. ഇതുകൊണ്ട് സംഭവിക്കുന്നത്.... ജീവിതത്തിൽ ഏതവസ്ഥയിൽ ചെന്നാലും നിങ്ങൾക്ക് റാഡിക്കലാവാൻ പറ്റും എന്നത് അസാധ്യമാക്കുകയാണ് ഇവർ ചെയ്യുന്നത്. സാധാരണ ഒരു എൻ.ജി.ഒയുടെ നീചജീവിതം ജീവിക്കുകയും ഇതൊരു മറയാക്കുകയും ചെയ്യുന്നവർ. പത്രാധിപർക്ക് കത്തെഴുതുക. ലിറ്റിൽ മാഗസിൻ വായിക്കുക, കുപ്പി പൊട്ടിച്ചുകൊണ്ട് ഹാ. നക്സലൈറ്റ് സെവന്റീസ് എന്നു പറയുക. ഇങ്ങനെ ഒരു വ്യാജ പാസ്പോർട്ടിലുള്ള ജീവിതത്തെയാണ് പാഠഭേദം ഏറ്റവും വെറുക്കുന്നത്. ഇവരാണ് പാഠഭേദം എരിവും പുളിവും ഇല്ല എന്നു പറയുന്നത്. മാതൃഭൂമി ആഴ്ചപ്പതിപ്പൊക്കെ ഇപ്പോൾ അവരെ തൃപ്തിപ്പെടുത്തുന്നുണ്ട്. കേരളീയം വായനയും അവരെ തൃപ്തിപ്പെടുത്തുന്നുണ്ട്.

ലി.മാ. **പാഠഭേദവും അതിന്റെ നിലപാടുകളും സ്വീകരിക്കപ്പെടുന്നതായി തോന്നിയിട്ടുണ്ടോ..**

നമ്മൾ സ്വീകാര്യരാവുമ്പോൾ നമ്മൾക്കെന്തോ കുഴപ്പമുണ്ട് എന്നാണ് ഏത് രീതിയിലാണെങ്കിലും. ആ അർത്ഥത്തിൽ ഒരു പേടിയുമുണ്ട്. നമ്മൾ പാഠമായി പോകുമോ എന്ന പേടി.

മെയിൻ സ്ട്രീമിലെഴുതാൻ പറ്റാത്തതുകൊണ്ടല്ല പാഠഭേദത്തിലെഴുതുന്നത്. പാഠഭേദത്തിലെ എഴുത്തുകൾ നോക്കുക. അമൃതലാലിനെ പോലുള്ള ഉത്തരാവാദിത്തമുള്ള ഒരെഴുത്തുകാരനെ മെയിൻസ്ട്രീമിൽ കാണില്ല.

പഴയ പാഠഭേദത്തിന്റെ വായനക്കാരിൽ പലരും പുതിയ പാഠഭേദത്തോടൊപ്പമില്ല. പഴയ വിത്ത് അന്നത്തെ വായനക്കാരിൽ മുളച്ചത് പല രീതിയിൽ വളരുന്നുണ്ടാകാം. അജ്ഞാതവായനക്കാർ! എന്നാൽ അവരല്ല പുതിയ പാഠഭേദം വായനക്കാർ. കേരളത്തിൽ ഒരഞ്ഞൂറു പേരെങ്കിലും ഉണ്ടാകും ഏത് ലിറ്റിൽ മാഗസിൻ കണ്ടാലും കൊത്തിക്കൊണ്ടുപോകുന്നവർ. വാങ്ങും, വായിക്കും,ചിലപ്പോൾ എഴുതും. എഴുത്തുകാരുമുണ്ടാകും അക്കൂട്ടത്തിൽ. സച്ചിദാനന്ദനെ കുറിച്ച് സി.ആർ. പരിമേശ്വരൻ ഒരിക്കൽ പറഞ്ഞിരുന്നു. സച്ചിദാനന്ദൻ ഒരു കൊറ്റനാടാണ്. ഏത് പുതുനാമ്പ് കണ്ടാലും ഒന്ന് കടിച്ചു തുപ്പിക്കളയും! അങ്ങനെയുള്ള കൊറ്റനാടുകൾ നമ്മുടെ വായനക്കാരിലുമുണ്ട്. ബുദ്ധിജീവികളിലുണ്ട്. ഫുക്കുവോക്ക ഇറങ്ങിയാൽ അതിവന്റെ സഞ്ചിയിലുമുണ്ടാകും. അതു വായിക്കും. അവനൊന്നും ചെയ്യുകയുമില്ല. ഫിലിം ഫെസ്റ്റിവലുകളിൽ ഇവരുണ്ടാകും. എല്ലാറ്റിലും നിൽക്കുന്ന

അടുത്ത പേജിൽ

പാഠഭേദം....

പേജ് 9 ൽ നിന്ന് തുടർച്ച...

പാഠഭേദം മിനിമത്തിലാണ് വർക്ക് ചെയ്യുന്നത്. പാഠഭേദം പോലുള്ള ഒരു പ്രസിദ്ധീകരണത്തിന് സ്ഥിരമായി ഇറങ്ങുന്നതിന് ഒരു സഹായവും ഒരാളിൽ നിന്നും ആവശ്യമില്ല. വായനക്കാരിൽ നിന്നുപോലും. വരിക്കാർ ആരെങ്കിലും അവരുദ്ദേശിച്ച രീതിയിൽ പാഠഭേദം ഉയർന്നില്ല എന്നുപറഞ്ഞ് വരിസംഖ്യ ആവശ്യപ്പെട്ടാൽ തിരിച്ചുനൽകും.

ഒരഞ്ഞൂറ് പേർ ഇങ്ങനെയുണ്ടാകും. അഞ്ഞൂറ് പൊള്ള ച്ചെണ്ടകൾ! എന്തെങ്കിലുമൊക്കെ പറഞ്ഞ് ഇവർ വരും.. വ്യക്തിപരമായും ഞാൻ ഇത് നേരിടുന്നുണ്ട്. ഫെബ്രുവരി 18 ന് ഒരാൾ വിളിക്കുന്നു. സഖാവേ, ഓർക്കുന്നില്ലേ ഈ ദിവസം? ഞാൻ ചോദിച്ചു. എന്താ ഈ ദിവസത്തിന്റെ പ്രത്യേകത. ഫെബ്രുവരി 18 ഞാനോർക്കുന്നത് ഫെബ്രുവരി 19 ന്റെ തലേദിവസമാണെന്നാണ്. ഫെബ്രുവരി 19: മുത്തങ്ങ സംഭവത്തിന്റെ ദിവസം... എന്തുലക്ക! ഞാൻ ചോദിച്ചു. എനിക്ക് മനസ്സിലായി സംസാരം എങ്ങോട്ട് പോകുന്നുവെന്ന്. എന്തു വർഗ്ഗീസ്? അടിയോർക്ക് എന്തിനാണ് മറ്റൊരു പെരുമൻ? അടിയോർ സ്വന്തം ഗർഭപാത്രത്തിൽ നിന്ന് സ്വന്തം ജാനുവിനെ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അവർക്കെന്തിനാണ് വേറൊരു വർഗ്ഗീസ്? വർഗ്ഗീസ് തുലയട്ടെ. പോയിക്കിടന്നുറങ്ങെടോ എന്നു പറഞ്ഞ് ഞാൻ ഫോൺ വെച്ചു.

ഒരുപക്ഷേ എന്നിലും അങ്ങനെയൊരാളുണ്ടാകാം. ഞാനൊരാളെ ഇങ്ങനെ മുഖത്തടിക്കുമ്പോൾ എന്റെയുള്ളിലുള്ള ആ പഴയ ഒരാളിന്റെ മുഖത്തടിക്കുകയാണ്, തുപ്പുകയാണ് ചെയ്യുന്നത്. ഇങ്ങനെയൊരു Struggle ഉണ്ട് യഥാർത്ഥത്തിൽ. എഴുപതുകളിലൂടെ കടന്നു പോയ ഒരാൾക്ക്... എഴുപതുകളെ കുടഞ്ഞുകളയാൻ പ്രയാസമാണ്. പോലീസ് പറഞ്ഞത് ശരിയാണ്.Once a naxalite always a naxalite !

ഏതു തീവ്രവാദി ഗ്രൂപ്പിൽ പെട്ടാലും ഈ Struggle വേണ്ടിവരും. മാവോവാദികളെ കുറിച്ച് ഞാനെഴുതുമ്പൾ.... സോഫ്റ്റ് ആയി പറയാമെന്ന് കരുതിയാലും അറിയാതെ ഇങ്ങനെ വരും. കാരണം ഒന്ന് എന്നോടു തന്നെയുള്ള Struggle. മറ്റൊന്ന് നമ്മുടെ വായനക്കാരിൽ ഏറെ പേരും ഇങ്ങനെയുള്ള വായനക്കാരാണ്. അവരെ പ്രകോപിപ്പിക്കാൻ കൂടിയിട്ടാണ്. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ പാഠഭേദത്തിൽ വരാറില്ല. പാഠഭേദം നക്സലൈറ്റുകളുടേതാണ് എന്നു പറയാറുണ്ട്. അതിൽ ഞാൻ മാത്രമേ അങ്ങനെ ഒരു പേരുള്ള ആളായിട്ടുള്ളൂ. മറ്റാരുമില്ല.

ഭാവികേരളത്തിന് സംഭാവനകൾ ചെയ്യുന്ന 25 പേരെ തെരഞ്ഞെടുത്തപ്പോഴും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ ഒരിക്കലും സ്വാധീനിച്ചിട്ടില്ല. സ്വന്തമായ അഭിപ്രായമുള്ളവരാണ് പാഠഭേദത്തിലുള്ളവർ. ആദ്യമേ പാഠഭേദമെടുത്ത തീരുമാനമുണ്ട്. നമുക്ക് വളരെ സ്ട്രോംഗായ രണ്ട് അഭിപ്രായങ്ങൾ ഒരു കാര്യത്തിലുണ്ടെങ്കിൽ രണ്ട് എഡിറ്റോറിയലുകളാവാമെന്ന്. പാഠഭേദത്തിന് സത്യസന്ധമായി പറയാവുന്ന രണ്ട് കാര്യങ്ങളുണ്ട്. ഒന്ന് ഇന്ത്യക്കകത്തുനിന്നോ പുറത്തുനിന്നോ ഒരു സഹായവും സ്വീകരിച്ചിട്ടില്ല. രണ്ടാമത്തെ കാര്യം കുറച്ചു നാൾ പാഠഭേദത്തിനുവേണ്ടി ജോലി ചെയ്ത ഒരാൾക്ക് നൽകിയ ചെറിയ കാശല്ലാതെ പാഠഭേദത്തിന്റെ പ്രവർത്തകരാരും ഒറ്റക്കാശും എടുത്തിട്ടില്ല. പാഠഭേദം മിനിമത്തിലാണ് വർക്ക് ചെയ്യുന്നത്. പാഠഭേദം പോലുള്ള ഒരു പ്രസിദ്ധീകരണത്തിന് സ്ഥിരമായി ഇറങ്ങുന്നതിന് ഒരു സഹായവും ഒരാളിൽ നിന്നും ആവശ്യമില്ല. വായനക്കാരിൽ നിന്നുപോലും. വരിക്കാർ ആരെങ്കിലും അവരുദ്ദേശിച്ച രീതിയിൽ പാഠഭേദം ഉയർന്നില്ല എന്നുപറഞ്ഞ് വരിസംഖ്യ ആവശ്യപ്പെട്ടാൽ തിരിച്ചുനൽകും. വായനക്കാരുടെ സ്ഥാപിത താൽപര്യത്തിനുപോലും നമ്മൾ കീഴടങ്ങരുത് എന്ന് പറയുന്നത് അതുകൊണ്ടാണ്. നമുക്ക് പറയാനുള്ളത് പറയും. എന്നുവെച്ച് വ്യത്യസ്ത അഭിപ്രായങ്ങളെയും നമ്മൾ സ്വാഗതം ചെയ്യും. വിമർശനങ്ങളെ നമ്മൾ ഭയപ്പെടുന്നില്ല. *(തുടരും)*

(തയ്യാറാക്കിയത്- അബ്ദുള്ളക്കുട്ടി എടവണ്ണ, ബിജു ജോൺ)

വികസനത്തിന്റെ പേരിൽ, ആരോഗ്യ സുരക്ഷയുടെ പേരിൽ, കൃഷിയുടെ പേരിൽ, വിദ്യാഭ്യാസത്തിന്റെ പേരിൽ എല്ലാം തന്നെ വിദേശങ്ങളിൽ നമുക്ക് മുമ്പേ പോയവർ ഉപേക്ഷിക്കുന്നിടത്താണ് നാം തുടങ്ങുന്നത്. നാം പലതും കണ്ടുപഠിക്കുന്നത് വിദേശത്തെ വികസിത രാജ്യങ്ങളിൽ നിന്നാണ്. അവരുടെ അനുഭവങ്ങൾ പക്ഷേ നാം പഠിക്കുന്നില്ല. വിദേശത്തെ രോഗികൾക്ക് നൽകാത്ത മരുന്ന്, അവിടെ പ്രയോഗിക്കാത്ത കീടനാശിനികൾ, അവിടെ ഉപേക്ഷിച്ച വികസന നയങ്ങൾ ... അങ്ങനെ പലതും നാം കൊണ്ടുനടന്ന് ആഘോഷിക്കുന്നു.

-പി. സായ്നാഥ്

ലിറ്റിൽ മാസികയുടെ മേൽ വിലാസ രജിസ്റ്റർ പുതുക്കുന്നു.

ഇപ്പോൾ മാസിക കിട്ടുന്ന മുഴുവൻ പേരും അവരുടെ ഫോൺ നമ്പർ, ഇ-മെയിൽ, ഇവ പോസ്റ്റ് കാർഡിൽ എഴുതി അയക്കുക. അല്ലങ്കിൽ 9946428284,8547300532 എന്നീ നമ്പറുകളിൽ വിളിക്കുക

-എഡിറ്റർ